**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

20.03.18 - ൽ മറുപടിക്ക്.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 4165

## കുടുംബശ്രീ പദ്ധതികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ. യു.ആർ. പ്രദീപ് | | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടുംബശ്രീയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കുടുംബശ്രീയിൽ 43,06,976 വനിതകൾ അംഗങ്ങളായിട്ടുണ്ട്. |
| (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് കുടുംബശ്രീയുടെ സംസ്ഥാന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ടായിരുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ സംസ്ഥാന പദ്ധതിക്കായി 161 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. |
| (സി) | ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു;വ്യക്തമാക്കാമോ; | (സി) | 2017-18 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ സംസ്ഥാന പദ്ധതിക്കായി 161 കോടി രൂപ വകയിരുത്തിയതിൽ ആദ്യഗഡുവായി 80 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ അധികമായി പ്രഖ്യാപിച്ച 70 കോടി രൂപയും ചേർത്ത് 150 കോടി രൂപ ലഭ്യമായിട്ടുണ്ട്. ആയതു മുഴുവൻ ചെലവഴിച്ചു കഴിഞ്ഞു. |
| (ഡി) | കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം), നാഷണൽ അർബൻ ലൈവ് ലിഹുഡ് മിഷൻ (എൻ.യു.എൽ.എം), മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി), ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ), Attappady Comprehensive Integrated Tribal & PVTG Development Project, നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ), പ്രധാനമന്ത്രി ആവാസ് യോജന (പി.എ.വൈ) എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കിവരുന്നത്.<br>**1.നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം)**<br>ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ ദേശീയ ഉപജീവന മിഷന്റെ പദ്ധതികൾ നടപ്പിലാക്കാനായി 2012-13 ലാണ് സംസ്ഥാന സർക്കാർ കുടുംബശ്രീയെ നിർവഹണ ഏജൻസിയായി നിയമിച്ചത്. 2013-14 ൽ കുടുംബശ്രീ മുഖേന നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ പദ്ധതി നടപ്പിലാക്കുവാൻ തുടങ്ങി. പാവപ്പെട്ട സ്ത്രീകളെ കണ്ടെത്തി |

അവരുടെ സാമൂഹിക സംഘടനകൾ സ്ഥാപിച്ച് സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുകയാണ് കുടുംബശ്രീ എൻ.ആർ.എൽ.എം പദ്ധതിയിലൂടെ ചെയ്യുന്നത്. പ്രധാനമായും 4 തരം പ്രവർത്തനങ്ങളാണ് എൻ.ആർ.എൽ.എം പദ്ധതിയിൽ നടപ്പിലാക്കുന്നത്.

സാമൂഹിക സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ: .

സാമ്പത്തിക ഉൾപ്പെടുത്തൽ:

ഉപജീവന വികസനം:

സാമൂഹ്യ ഉൾപ്പെടുത്തൽ:

**2.ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം)**

നഗര ദാരിദ്ര്യം ലഘൂകരിക്കുന്നതിനും നഗരത്തിലെ പാവപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ദേശീയ നഗര ഉപജീവന ദൗത്യം എന്ന പദ്ധതി കേരളത്തിലെ എല്ലാ നഗരസഭയിലും നടപ്പിലാക്കി വരുന്നു. പുതിയ അയൽക്കൂട്ടം രൂപീകരിക്കുക, തെരുവ് കച്ചവടക്കാരുടെ സംരക്ഷണം, തെരുവിൽ ഉറങ്ങുന്നവരുടെ സംരക്ഷണവും അഭയകേന്ദ്രവും, സംരംഭകർക്കുള്ള ധനസഹായം, തൊഴിൽ പരിശീലനവും നിയമനവും തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. നിലവിലുണ്ടായിരുന്ന എസ്.ജെ.എസ്.ആർ.വൈ പദ്ധതിയുടെ തുടർ പദ്ധതിയാണ് എൻ.യു.എൽ.എം. പദ്ധതി.

**3.മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.ആർ.എൽ.എം.ന്റെ ഉപ പദ്ധതിയാണ് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന. ഭക്ഷ്യവിള ഉൽപ്പാദനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുടെ സാങ്കേതികവും സംഘാടനപരവുമായ വൈദഗ്ധ്യ വികസനത്തിനായി കുടുംബശ്രീ മിഷൻ നോഡൽ ഏജൻസിയായി നടപ്പിലാക്കുന്നതാണ് പ്രസ്തുത പദ്ധതി.

**4. ഡി.ഡി.യു.ജി.കെ.വൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന)**

ഗ്രാമീണ മേഖലയിലെ യുവതീയുവാക്കൾക്ക് പരിശീലനത്തോടൊപ്പം തൊഴിൽ നൽകുന്ന പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ) യുടെ സംസ്ഥാനതല ഉദ്ഘാടനം 2015 ഫെബ്രുവരി 26 ന് നിർവഹിക്കുകയുണ്ടായി. കേന്ദ്ര ഗ്രാമവികസന വകുപ്പും കേരള സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത് കുടുംബശ്രീ മുഖേനയാണ്.

**5.Attappady Comprehensive Integrated Tribal & PVTG Development Project**

2014 ൽ അട്ടപ്പാടിയിലുണ്ടായ ശിശുമരണത്തെ തുടർന്ന് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായ എൻ.ആർ.എൽ.പി.യിൽ ഉൾപ്പെടുത്തി 2014-15 മുതൽ 7 വർഷകാലയളവിലേയ്ക്കായി 50 കോടി രൂപയുടെ Attappady Comprehensive Integrated Tribal & PVTG Development Project എന്ന സാമൂഹ്യവികസന പദ്ധതി കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. ഇതിൽ അയൽക്കൂട്ട

രൂപീകരണത്തിലൂടെയുള്ള സാമ്പത്തിക സാമൂഹിക ശാക്തീകരണം, കാർഷിക അനുബന്ധ പ്രവർത്തനം, മൃഗസംരക്ഷണം എന്നിവ പ്രധാന ഘടകങ്ങളാണ്.

**6.നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ)**

കുടുംബശ്രീയെ ഒരു നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി ഗ്രാമീണ മന്ത്രാലയം ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ അംഗീകരിച്ചിട്ടുണ്ട്. വർഷങ്ങളായുള്ള അനുഭവ സമ്പത്തിൽ നിന്നും കുടുംബശ്രീയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന മാതൃകാ പ്രർത്തനങ്ങളെ മറ്റു സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുക എന്നുള്ളതാണ് കുടുംബശ്രീ എൻആർഒയുടെ പ്രധാന ലക്ഷ്യം.

**7.പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ)**

'ചേരി രഹിത ഭാരതം' എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ നടപ്പിലാക്കി വന്ന 'രാജീവ് ആവാസ് യോജന' പദ്ധതിക്കു പകരമായി എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ 'പ്രധാനമന്ത്രി ആവാസ് യോജന' പദ്ധതിക്ക് 2015 ജൂൺ മാസത്തിൽ തുടക്കം കുറിച്ചു. 2022-ഓടെ നഗരപ്രദേശത്തെ എല്ലാവർക്കും പാർപ്പിടങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഭവന നഗരദാരിദ്ര്യ ലഘൂകരണ മന്ത്രാലയത്തിനു കീഴിൽ സംസ്ഥാന സർക്കാരുമായി സംയോജിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. നാളിതുവരെ 77414 ഭവനങ്ങൾക്ക് അംഗീകാരം ലഭിച്ചു.

സെക്ഷൻ ഓഫീസർ